## നടപടി ക്രമങ്ങൾ
## അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി, എൻ.സി.സി ഡയറക്ടറേറ്റ് (കേരളവും, ലക്ഷദ്വീപും), സംസ്ഥാന വിഭാഗം, തിരുവനന്തപുരം
## (ഹാജർ: മേജർ ജനറൽ മൻദീപ് സിംഗ് ഗിൽ)

എൻ.സി.സി ജീവനക്കാര്യം -ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽ നിന്നും തസ്തിക മാറ്റം വഴി അറ്റൻഡർ ഗ്രേഡ് - II (ശമ്പള നിരക്ക് 23700-52600/-) തസ്തികയിലേക്കുള്ള നിയമനം - സംബന്ധിച്ച് - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

നമ്പർ.3392/എ2/II-എസ്റ്റാ/2021/എൻ.സി.സി തിരുവനന്തപുരം : 18 നവംബർ 2021.

സൂചന: (1) 14/09/1973 തീയതിയിലെ ജി.ഒ (പി) നമ്പർ.249/73/പി.ഡി നമ്പർ സർക്കാർ ഉത്തരവ്.

(2) 15/01/1993 തീയതിയിലെ ജി.ഒ (പി) നമ്പർ.9/93/പി &എ.ആർ.ഡി നമ്പർ സർക്കാർ ഉത്തരവ്.

(3) 27/12/2018 തീയതിയിലെ സ.ഉ(അച്ചടി) 17/2018/ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവ്.

(4) 19/08/2021 തീയതയിലെ ഇതേ നമ്പർ കത്ത്.

(5) 27/10/2021 തീയതിയിലെ ഇതേ നമ്പർ കത്ത്.

1. എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ്, കൊല്ലം, എറണാകുളം എന്നീ കാര്യാലയങ്ങളിൽ അറ്റൻഡർ ഗ്രേഡ് - 1 തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ ബാബു റ്റി, ശ്രീ സുരേഷ് കെ.സി എന്നീ ജീവനക്കാർ 31/05/2021 തീയതിയിൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ നിലവിൽ വന്ന ഒഴിവുകളിലേക്ക് ഈ വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് സർവന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന, നിശ്ചിത യോഗ്യതയുള്ള ജീവനക്കാരിൽ നിന്നും സൂചന (4) പ്രകാരം അപേക്ഷകൾ ക്ഷണിച്ചിരുന്നു.

2. മേൽ സാഹചര്യത്തിൽ, കൊല്ലം എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സിൽ നിലവിലുള്ള ഒഴിവിലേക്ക് ഒരു അപേക്ഷയും എറണാകുളം എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സിൽ നിലവിലുള്ള ഒഴിവിലേക്ക് 3 അപേക്ഷകളും ലഭിക്കുകയുണ്ടായി. പ്രസ്തുത അപേക്ഷകളുടെ സൂക്ഷ്മാവലോകനത്തിൽ കൊല്ലം എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സിൽ നിലവിലുള്ള ഒഴിവിലേക്ക് ശ്രീ അബ്ദുൾ ജലീൽ കുട്ടി എച്ച്, ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് -I എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ് കൊല്ലം, എറണാകുളം എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സിൽ നിലവിലുള്ള ഒഴിവിലേക്ക് ശ്രീ അശോകൻ പി.വി, ലാസ്കർ ഗ്രേഡ് - II 28 കേരള ബറ്റാലിയൻ എൻ.സി.സി ഒറ്റപ്പാലം എന്നീ ജീവനക്കാരെ തിരഞ്ഞെടുക്കുകയും ടി ജീവനക്കാരെ തസ്തിക മാറ്റം വഴി 23700- 52600/- രൂപ ശമ്പള നിരക്കിൽ അറ്റൻഡർ ഗ്രേഡ് -II ആയി നിയമിച്ച് സൂചന (5) പ്രകാരം താല്ക്കാലിക ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. പ്രസ്തുത ഉത്തരവിൽ ടി നിയമനവുമായി ബന്ധപ്പെട്ട പരാതികളോ, ആക്ഷേപങ്ങളോ ഉണ്ടെങ്കിൽ മതിയായ രേഖകളോടൊപ്പം 2021 നവംബർ 10 -ന് മുൻപായി ഈ ഡയറക്ടറേറ്റിനെ അറിയിക്കുവാൻ നിർദ്ദേശിച്ചിരുന്നു.

3. നിശ്ചിത ദിവത്തിനുള്ളിൽ ഏതൊരു പരാതികളും/ആക്ഷേപങ്ങളും ലഭിക്കാത്ത സാഹചര്യത്തിൽ താഴെ പറയുന്ന ജീവനക്കാരെ സീനിയോരിറ്റി, യോഗ്യത എന്നിവയുടെ അടിസ്ഥാനത്തിൽ മേൽ സൂചിപ്പിച്ച ഒഴിവുകളിൽ തസ്തികമാറ്റം വഴി 23700- 52600/- രൂപ ശമ്പള നിരക്കിൽ അറ്റൻഡർ ഗ്രേഡ് -II ആയി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | പേര്/നിലവിലെ തസ്തിക/ഓഫീസ് | പുതിയ തസ്തിക/ഓഫീസ് | റിമാർക്സ് |
|---|---|---|---|
| 1 | **അബ്ദുൾ ജലീൽ കുട്ടി എച്ച്** (PEN 669452) ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് -1 എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ്, കൊല്ലം | അറ്റൻഡർ ഗ്രേഡ് - II എൻ.സി.ന്നി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ്, കൊല്ലം | |
| 2 | **അശോകൻ പി.വി** (PEN -751170) ലാസ്കർ ഗ്രേഡ് - II 28 കേരള ബറ്റാലിയൻ എൻ.സി.സി ഒറ്റപ്പാലം | അറ്റൻഡർ ഗ്രേഡ് - II എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ് എറണാകുളം | |

...2...

4. സൂചന (3) ലെ സർക്കാർ ഉത്തരവിലെ 4 (iii) ഖണ്ഡിക പ്രകാരം തസ്തികമാറ്റം വഴി നിയമിതരായ ടി ജീവനക്കാർക്ക് അറ്റൻഡർ ഗ്രേഡ് - II (Non Technical) തസ്തികിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ രണ്ടു വർഷത്തിനുള്ളിൽ ഒരു വർഷം പ്രൊബേഷൻ കാലയളവായിരിക്കും.

ടി ജീവനക്കാർ അറ്റൻഡർ ഗ്രേഡ് - II തസ്തികയിൽ പ്രവേശിക്കുന്ന തീയതി ഈ ഡയറക്ടറേറ്റിനെ അറിയിക്കേണ്ടതാണ്.

5. ടി ജീവനക്കാരുടെ സേവന പുസ്തകത്തിൽ ടി വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

ഒപ്പ്/-
അഡീഷണൽ ഡയറക്ടർ ജനറൽ-എൻ.സി.സി

പകർപ്പ് :

ബന്ധപ്പെട്ട ജീവനക്കാർക്ക് (ഓഫീസ് മേലധികാരി മുഖേന)

IT (Official website) , A3,A4,File.SF & CC

എൻ.സി.സി ഡയറക്ടറേറ്റ്
സംസ്ഥാന വിഭാഗം
തിരുവനന്തപുരം-10
കേരളവും ലക്ഷദ്വീപും

അംഗീകാരത്തോടെ

ASHOK KUMAR
PEN : 385270
Administrative Assistant
NCC Directorate (K&L)
Thiruvananthapuram - 10

കെ.എസ്